1

## അനുഭവങ്ങളിലൂടെ

# പേരോട് സഖാഫീ... താങ്കളെന്നെ മുജാഹിദാക്കി

### എം.പി. മുഹമ്മദ് മുസ്‌ലിയാർ, പെരുവയൽ

തയ്യാറാക്കിയത് : ഫാറൂഖ് അഹമ്മദ് കെ.പി

**പൗരോഹിത്യം അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും മതിൽകെട്ടുകൾ സൃഷ്ടിച്ച് അജ്ഞരായ മനുഷ്യരെ അടിമകളാക്കി തങ്ങളുടെ ഭൗതികനേട്ടങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നത് നിർബാധം തുടരുന്നു. കാലാന്തരങ്ങളിൽ ആവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ ചൂഷണത്തിന് പുതിയ തന്ത്രങ്ങൾ ഒരുക്കുകയാണ് പുരോഹിതപ്പട ഇപ്പോൾ. ചിന്തയും ബുദ്ധിയും മുസ്‌ലിയാക്കന്മാരുടെ തലപ്പാവിനുള്ളിൽ പണയം വെക്കാൻ തയ്യാറാകാത്ത ചിലരെങ്കിലും സത്യത്തിന്റെയും വിജയത്തിന്റെയും പാതയിലേക്ക് വന്നുകൊണ്ടിരിക്കുന്നു. അറിഞ്ഞ സത്യങ്ങളെ തമസ്കരിച്ച് ആചാരങ്ങളും നാട്ടുപ്രമാണങ്ങളും വേദവാക്യമാക്കുമ്പോൾ – സത്യമതല്ലല്ലോ എന്ന മനസ്സിന്റെ അടിത്തട്ടിൽ നിന്നുയരുന്ന ചോദ്യം ചിലരെയെങ്കിലും അസ്വസ്ഥരാക്കുന്നു. അന്വേഷണങ്ങളുടെയും പഠനങ്ങളുടെയും ഒടുക്കം അല്ലാഹുവിന്റെ സന്മാർഗ്ഗം അവർ കണ്ടെത്തുന്നു.**

**ഖുറാഫാത്തുകളുടെയും ശിർക്കൻവിശ്വാസങ്ങളുടെയും താവളത്തിൽ നീണ്ടവർഷങ്ങൾ ചെലവഴിച്ച് അതിന്റെ പതാകവാഹകനായി ജീവിച്ച മുഹമ്മദലി മുസ്‌ലിയാർ പെരുവയൽ ഇസ്വ്‌ലാഹീ പ്രസ്ഥാനത്തിലേക്ക് കടന്നുവന്നതിന്റെ അനുഭവങ്ങൾ ഇസ്വ്‌ലാഹിന്റെ വായനക്കാരുമായി പങ്കുവെക്കുന്നു.**

*താങ്കളുടെ കുടുംബപശ്ചാത്തലം?*

കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിക്കടുത്ത വേളം ഗ്രാമപഞ്ചായത്തിലെ പെരുവയൽ പ്രദേശമാണ് എന്റെ സ്വദേശം. മൊടവൻ പിലാക്കുൽ അബ്ദുല്ലയുടെയും ഖുൽസുമിന്റെയും ഏക മകനാണ് ഞാൻ. ചെറുപ്പത്തിലെ ഉമ്മ മരിച്ചതിനാൽ വലിയുപ്പയുടെ സംരക്ഷണത്തിലാണ് വളർന്നത്. നാട്ടിലെ അറിയപ്പെടുന്ന സുന്നിമുസ്‌ലിയാരായിരുന്നു അദ്ദേഹം. മൊടവൻപിലാക്കുൽ പോക്കർ മുസ്‌ലിയാർ എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്.

*വലിയുപ്പയുടെ ചരിത്രം വിശദമാക്കമോ ?*

ശംസുൽ ഉലമ, ഇ.കെ അബൂബക്കർ മുസ്ല്യാരുടെ സഹപാഠിയായിരുന്നു വലിയുപ്പ. വിവിധ സ്ഥലങ്ങളിൽ അദ്ദേഹം ദർസ് നടത്തിയിട്ടുണ്ട്. പ്രമുഖരായ നിരവധി ശിഷ്യന്മാരും അദ്ദേഹത്തിനുണ്ടായിരുന്നു. മലപ്പുറം ജില്ലയിലെ ചേറൂര്, കണ്ണൂരിലെ വേങ്ങാട്, വടകരയ്ക്കടുത്ത അഴിയൂർ, പയ്യോളിക്കടുത്ത് പുറക്കാട്ടിരി, പറമ്പത്ത്, ഉള്ള്യേരി, എലാങ്കോട് എന്നിവിടങ്ങളിലെല്ലാം വിലിയുപ്പ മുദരിസായിട്ടുണ്ട്. സമസ്തയുടെ നേതാകളായിരുന്ന സി.എച്ച്. ഹൈദ്രൂസ് മുസ്‌ലിയാർ, ചെറൂർ അബ്ദുല്ല മുസ്‌ലിയാർ തുടങ്ങിയവർ അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്നു. നല്ല പണ്ഡിതനും സൗമ്യനുമായിരുന്നു വലിയുപ്പ.

*താങ്കളുടെ പഠനകാലഘട്ടം ?*

സ്നേഹനിധിയായ വലിയുപ്പയുടെ സംരക്ഷണത്തിൽ ഞാൻ വളർന്നു. വേളം അരമ്പോൽ സുന്നി മദ്രസയിൽ പ്രാഥമിക പഠനംനടത്തി. ഭൗതികവിദ്യാഭ്യാസത്തിനായി ചെറുകുന്ന് യു.പിസ്കൂൾ, പേരാമ്പ്ര ഹൈസ്കൂൾ എന്നിവിടങ്ങളിലും പഠിച്ചു. എസ്.എസ്.എൽ.സി പാസ്സായി. തുടർന്ന് ദർസ് പഠനമായിരുന്നു. ചേരാപുരത്തെ ജീലാനി മസ്ജിദിൽ ഒരു വർഷം പഠിച്ചു. തുടർന്ന് 1989 മുതൽ 96 വരെ വടകരയ്ക്കടുത്ത കടമേരി റഹ്മാനിയ്യ അറബിക് കോളേജിൽ പഠിച്ചു.

*അവിടുത്തെ പഠനം എങ്ങിനെയായിരുന്നു ?*

കടമേരി അറബിക്കോളേജെന്നത് പേരിൽ മാത്രമായിരുന്നു. ദർസ് പഠനം തന്നെയായിരുന്നു അവിടെയും നടന്നിരുന്നത്. അൽഫിയ്യ, ഫത്ഹുൽ മുഅീൻ, മിശ്കാത്ത്, മഹല്ലി, ജലാലൈനി എന്നിങ്ങനെ പള്ളിദർസ് മുറപ്രകാരം തന്നെ പഠനം നടന്നു. അരീക്കൽ അന്ത്രുമുസ്‌ലിയാർ സഹോദരൻ ഇബ്രാഹീം മുസ്‌ലിയാർ, വിളയിൽ മുഹമ്മദ് മുസ്‌ലിയാർ, അലിമുസ്‌ലിയാർ കൂട്ടിലങ്ങാടി, സി.എച്ച് മഹ്മൂദ് സഅദി, സി.എച്ച്. ഹമീദ് ഫൈസി തുടങ്ങിയവർ എന്റെ ഉസ്താദുമാരായിരുന്നു.

*പഠനകാലത്ത് മുജാഹിദുകളോടുള്ള നിലപാട് ?*

ചെറുപ്പം മുതലേ സുന്നിയല്ലാത്തവരോട് വെറുപ്പും വിദ്വേ

ഷവുമായിരുന്നു. മുജാഹിദുകളോട് പ്രത്യേകിച്ചും. അവർ ദീൻ നശിപ്പിക്കാനിറങ്ങിയ ഭീകര ജീവികളാണെന്നായിരുന്നു ധാരണ. തലയിൽ കെട്ടില്ലാത്ത, താടി നീട്ടിയ, പ്രത്യേക ഭാഷ സംസാരിക്കുന്ന ദുഷിച്ച വിഭാഗം. മറ്റുസുന്നീ സ്ഥാപനങ്ങളെ അപേക്ഷിച്ച് പഠിപ്പും പരിഷ്ക്കാരവുമൊക്കെയുള്ളതെന്ന് പൊതുവിൽ കണക്കാക്കപ്പെട്ടിരുന്ന സ്ഥാപനമായിരുന്നുഞാൻ പഠിച്ച കടമേരി റഹ്മാനിയ്യാ കോളേജ്. എങ്കിലും മുജാഹിദുകളോടുള്ള നിലപാടിൽ യാതൊരു വിട്ടുവീഴ്ച്ചയും അവിടെയും ഉണ്ടായിരുന്നില്ല.

ഞങ്ങളുടെ ഉസ്താദ് അരീക്കൽ അന്ത്രു മുസ്‌ലിയാർ മുജാഹിദുകളെ ശക്തമായി എതിർത്തിരുന്നു. സലഫികളെ 'തലഫികൾ' (നാശകാരികൾ) എന്നായിരുന്നു അദ്ദേഹം പറയാറ്. സ്ത്രീ പള്ളിപ്രവേശനമായിരുന്നു അദ്ദേഹം കഠിനമായി എതിർത്തിരുന്ന വിഷയം. വീടാണ് ഉത്തമം എന്ന റിപ്പോർട്ടുണ്ടെന്നും അതിനാൽ പള്ളി സ്ത്രീകൾക്ക് ഉത്തമമല്ലെന്നും പോകാൻ പാടില്ലെന്നുമായിരുന്നു അദ്ദേഹത്തിന്റെ വാദം. പഠനകാലത്ത് ഞാൻ മുജാഹിദുകളുടെ ചില പ്രസിദ്ധീകരണങ്ങൾ വളരെ രഹസ്യമായി വായിക്കാറുണ്ടായിരുന്നു. അത് വിമർശനത്തിനു വേണ്ടി മാത്രമായിരുന്നു. കോളേജിന്റെ വിപുലമായ ലൈബ്രറിയിൽ സലഫികളുമായി ബന്ധപ്പെട്ട പുസ്തകങ്ങളൊന്നുമുണ്ടായിരുന്നില്ല. പുറമെനിന്ന് ലഭിക്കുന്നവ വായിച്ചശേഷം മറ്റുള്ള ആരെങ്കിലും വായിച്ച് വഴിതെറ്റാതിരിക്കാൻ കത്തിച്ച് ചാരമാക്കിക്കളയുമായിരുന്നു. ദർസിനൊപ്പം തന്നെ കടമേരിയിൽ സാഹിത്യ സമാജങ്ങൾ മുടങ്ങാതെ നടക്കുമായിരുന്നു. പ്രസംഗപരിശീലനത്തിനും സാഹിത്യ രചനകൾക്കും സാഹചര്യങ്ങൾ ഉണ്ടായിരുന്നു.

*പഠനകാലത്ത് മുജാഹിദ് ആശയങ്ങളുമായി എന്തെങ്കിലും അടുപ്പമുണ്ടായിരുന്നോ ?*

വിമർശനത്തിനു വേണ്ടി മാത്രമാണ് മുജാഹിദ് പുസ്തകങ്ങൾ രഹസ്യമായി മറിച്ചുനോക്കാറുള്ളതെങ്കിലും ദർസിൽ ഓതിയ കിതാബുകൾ പലപ്പോഴും ചിന്താക്കുഴപ്പം ഉണ്ടാക്കാറുണ്ടായിരുന്നു. ചിലവിഷയങ്ങൾ കിതാബുകളിൽ പഠിച്ചതിന് വിപരീതമായാണ് ചെയ്തുവന്നിരുന്നത്. എന്താണിങ്ങനെയെന്ന് എന്നെ അലട്ടിയിരുന്നു.

*എന്തൊക്കെ വിഷയങ്ങളായിരുന്നു അവ ?*

പ്രധാനമായും നമസ്കാരത്തിനുശേഷമുള്ള കൂട്ടപ്രാർത്ഥന, ഉറക്കെയുള്ള ദിക്റുകൾ എന്നിവയായിരുന്നു. ഫത്ഹുൽ മുഈനിൽ നമസ്കാര ശേഷം പതുക്കെയാണ് ദിക്റ് നടത്തേണ്ടതെന്നും കൂട്ടുപ്രാർത്ഥന നടത്താതെ ഇമാം എഴുന്നേറ്റുപോകലാണ് നല്ലതെന്നും പഠിപ്പിക്കുന്നുണ്ട്. പലപ്പോഴും ഇത് പഠിപ്പിക്കുമ്പോൾ ക്ലാസിൽ വെച്ച് വിദ്യാർത്ഥികളായ ഞങ്ങൾ തമ്മിൽ തന്നെ തർക്കങ്ങൾ ഉണ്ടാവാറുണ്ട്. ഒടുക്കം ഉസ്താദ്മാരുടെ വിരട്ടലിൽ കാര്യങ്ങൾ ഒതുങ്ങാറാണ് പതിവ്. ഇത്തരം വിഷയങ്ങൾ നാട്ടിൽ വരുമ്പോൾ വലിയുപ്പയുമായി ചർച്ചചെയ്യാറുണ്ടായിന്നു. നമസ്കാരശേഷം ദിക്റുകൾ പതുക്കെ ചൊല്ലിയാൽ മതിയെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ഉമ്മമരിച്ചപ്പോൾ ചാവടിയന്തിരം കഴിക്കാൻ പലരും നിർബന്ധിച്ചിട്ടും ഞാൻ അത് നടത്തിയിട്ടില്ലെന്ന് അദ്ദേഹം പിൽക്കാലത്ത് എന്നോട് പറഞ്ഞിട്ടുണ്ട്.

*മറ്റെന്തെങ്കിലും വിഷയങ്ങൾ അദ്ദേഹവുമായി സംസാരിക്കാറുണ്ടായിരുന്നോ ?*

നിരവധി വിഷയങ്ങൾ ചർച്ച ചെയ്യാറുണ്ടായിരുന്നു. അത് വഴിയെ പറയാം. വലിയുപ്പ പലകാര്യങ്ങളിലും സലഫീആദർശം മനസ്സിൽ ഉള്ള ആളായിരുന്നു.

*ദർസിനു ശേഷമുള്ള ജീവിതം ?*

കടമേരിയിൽനിന്നും പുറത്തിറങ്ങിയ ശേഷം പന്ത്രണ്ട് വർഷത്തോളം സമസ്ത (ഇ.കെ) വിഭാഗത്തിന്റെ നിരവധി മദ്രസ്സകളിലും പള്ളികളിലും സേവനമനുഷ്ടിച്ചു. കോഴിക്കോട് ജില്ലയിലെ വിവിധ പ്രദേശങ്ങളായ നമ്പ്യത്താൻകുണ്ട്, പാലേരി, എടവരാട്, ദേവർകോവിൽ, അവള തുടങ്ങിനിരവധിയിടങ്ങളിൽ ജോലിചെയ്തു.

*സംഘടനാ ഭാരവാഹിത്വം ?*

വേളം പഞ്ചായത്ത് എസ്.കെ.എസ്.എസ്.എഫ് സെക്രട്ടറി, മേഖലാസെക്രട്ടറി, പെരുവയൽ ടൗൺസെക്രട്ടറി, SYS ഭാരവാഹി എന്നിങ്ങനെ വർഷങ്ങളോളം പ്രവർത്തിച്ചു. ജംഇയ്യത്തുൽ മുഅല്ലിമീൻ പെരാമ്പ്ര റൈഞ്ച് പ്രവർത്തക സമിതി അംഗമായും ദീർഘകാലം പ്രവർത്തിച്ചു.

*മുജാഹിദുകളെപ്പറ്റി പഠിക്കാൻ എന്തെങ്കിലും കാരണങ്ങൾ?*

ദർസ് പഠനത്തിനുശേഷം ജോലിആരംഭിച്ചുവെങ്കിലും മുജാഹിദുകളെ കുറിച്ച് എന്റെ മനോഭാവത്തിൽമാറ്റമൊന്നുമുണ്ടായിരുന്നില്ല. "സുന്നത്ത് ജമാഅത്തിന്റെ" സജീവഘടനായി അതിന്റെ എല്ലാ വേഷഭൂഷാദികളോടും കൂടി മുജാഹിദിന്റെ ശത്രുക്കളിൽനിന്ന് കേട്ടുപഠിച്ച ധാരണകൾ നിലനിർത്തിതന്നെ ജീവിച്ചു. എന്നാൽ കടമേരിയിലെ പഠനവും അല്പം രാഷ്ട്രീയ പ്രവർത്തനവുമുള്ളതിനാൽ ജനകീയ പ്രശ്നങ്ങളിലും മറ്റും ഇടപെടുന്നതിൽ ഞാൻ തൽപ്പരനായിരുന്നു. ചിന്തയെയും ബുദ്ധിയെയും തീർത്തും തമസ്ക്കരിക്കാൻ ഞാൻ അപ്പോഴും തയ്യാറായിരുന്നില്ല. സുന്നികളുടെ ചിലവിശ്വാസാചാരങ്ങൾ ഇസ്‌ലാമിക വിശ്വാസത്തിനെതിരാണെങ്കിലും അവപാരമ്പര്യമായി നിലനിന്നു പൊരുന്നതിനാൽ എതിർക്കപ്പെടേണ്ടതല്ലെന്ന ധാരണയായിരുന്നു അന്നെനിക്ക്.

ഒരിക്കൽ നമ്പ്യത്താൻ കുണ്ട് എന്നസ്ഥലത്ത് പഠിപ്പിക്കുമ്പോൾ ഒരു സംഭവമുണ്ടായി. ഒരു ബന്ധുവിന്റെ കൂടെ അവിടെനിന്നും മടവൂരിലെ സി.എം. മാഖാം സിയാറത്തിന് ഞാൻപോയി. അവിടെ ചെന്ന ഉടനെ ഞാൻ കാണുന്നത് നിറയെ വെളിച്ചെണ്ണ ഒഴിച്ചുവെച്ച ഒരു വലിയ വിളക്കാണ്. അതിന് ഒരിസ്‌ലാമികമാനം കാണാൻ മുകൾഭാഗത്ത് ഒരു ചന്ദ്രക്കലയുടെ രൂപം ഉണ്ടാക്കിവെച്ചിരിക്കുന്നു. ഭക്തന്മാർഅതിൽനിന്നും എണ്ണ കോരിക്കൂട്ടിക്കുകയും മേലാസകലം പുരട്ടുകയും ചെയ്യുന്നു. ധാരാളം സ്ത്രീകൾ സന്ദർശനത്തിനായി വന്നിട്ടുണ്ട്. മഖ്ബറയുടെ മൂലക്കിരിക്കുന്ന ഒരാൾ കബറിനെ മൂടിയ പച്ചത്തുണി മുത്തിക്കൊണ്ട് കരയുകയും ആവലാതികൾപറയുകയും ചെയ്യുന്നതും ഞാൻകണ്ടു. ഞാൻപഠിച്ച ഇസ്‌ലാമിന് വിരുദ്ധമായിരുന്നു ഈ കാഴ്ചകൾ. മനസ്സിൽ നിറയെ അസ്വസ്ഥതകളുമായാണ് അവിടെ നിന്നും ഞാൻ തിരിച്ചത്.

വീട്ടിൽ വന്നഉടനെ വലിയുപ്പയുമായി ഈ വിഷയങ്ങൾഞാൻ സംസാരിച്ചു. അദ്ദേഹം ഇതിനെപ്പറ്റി പറഞ്ഞത് ഇങ്ങനെയായിരുന്നു. അവിടെ ദുർവ്യയമാണ് നടക്കുന്നത്. അതിനാൽ വെളിച്ചെണ്ണപ്പരിപാടി ശരിയല്ല. പിന്നെതുറന്ന പാത്ര

ത്തിൽ അഴുക്കുകൾ വന്ന്പെടും അത് നജസാവും. പിന്നെ ബർക്കത്തായിട്ടാണ് മുത്തുന്നതെങ്കിൽ കുഴപ്പമില്ല. മതമറിയാത്ത മുസ്ല്യാക്കൾ കൈകാര്യം ചെയ്യുന്നതിനാലാണ് ഇത്തരം കുഴപ്പങ്ങൾ ഉണ്ടാവുന്നത്. അവിടെയുള്ള സ്ത്രീകളുടെ സാന്നിദ്ധ്യം തനി ഹറാമാണെന്നും അത് തടയാത്ത പണ്ഡിതരെ വിശ്വസിക്കരുതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അക്കാലത്ത് സുന്നികൾ വളരെ ആദരവോടെ കണ്ടിരുന്ന അദ്ദേഹത്തിൽ നിന്ന് അത്രയെങ്കിലും സംസാരമുണ്ടായതിനെപ്പറ്റി ഇന്ന് ആലോചിക്കുമ്പോൾ എനിക്ക് അത്ഭുതം തോന്നാറുണ്ട്. മനസ്സിൽ ആഗ്രഹത്തിന്റെ പലപ്പോഴായി രൂപം കൊണ്ട സംശയങ്ങൾ ഞാൻ വലിയുപ്പയുമായി ചർച്ചചെയ്തു. നേർക്കുനേരെ അതൊക്കെ തെറ്റുകളാണെന്ന് അദ്ദേഹം പറഞ്ഞില്ലെങ്കിലും ദീനായി സമൂഹം ആചരിച്ചുവരുന്നതും ധരിച്ചതുമായ പലതും അടിസ്ഥാനം ഇല്ലാത്തതാണെന്ന് അദ്ദേഹത്തിന്റെ സംസാരത്തിൽനിന്നും മനസ്സിലായി. ഇങ്ങനെയുള്ളകാര്യങ്ങൾ മുജാഹിദുകളെ കുറിച്ച് അറിയുന്നതിന് എന്റെ മനസ്സിൽ വിത്തുകൾ പാകുകയായിരുന്നു.

*ഇത്തരം സംശയങ്ങൾ മറ്റാരെങ്കിലുമായി പങ്കുവെക്കാറുണ്ടായിരുന്നോ ?*

പലപ്പോഴും സമാന മനസ്കരായ ഉസ്താദുമാരുമായി ചില കാര്യങ്ങൾ പങ്കുവെക്കാറുണ്ടായിരുന്നു. സുന്നികളിലെ ചിലർതന്നെ "അന്ധവിശ്വാസത്തിലെ ചില അനാചാരങ്ങളെ" എതിർക്കാറുണ്ടല്ലോ. ജാറം മുത്തുന്ന സംഭവങ്ങളും മറ്റും ഇങ്ങനെ സംസാരിച്ചപ്പോൾ തെറ്റാണെന്ന് അംഗീകരിച്ചുവെങ്കിലും 'സുന്നത്ത് ജമാഅത്ത്' തകർന്നുപോകുമെന്നഭയമായിരുന്നു അവർക്ക്. മുതുകാടുള്ള ഒരു ബാഖവിയുമായി സി.എം മഖാമിലെ നിലവിളക്ക് പ്രശ്നം ചർച്ച ചെയ്തപ്പോൾ അദ്ദേഹം പറഞ്ഞത് "ഒക്കെ അനിസ്ലാമികമാണ്, പക്ഷെ അധികം പറഞ്ഞാൽ "സുന്നത്ത് ജമാഅത്ത് പിന്നെയുണ്ടാകില്ല" എന്നായിരുന്നു.

തവസ്സുൽ, ഇസ്തിഗാസയായിരുന്നു എന്റെ മനസിൽ അസ്വസ്ഥതകളുണ്ടാക്കിയ മറ്റൊരുവിഷയം. ഇതിന് ശക്തമായ തെളിവുകൾ കണ്ടുപിടിക്കാൻ നാട്ടിക വി.മൂസ്സ മുസ്ല്യാരുടെയും എം.എ അബ്ദുൽഖാദർ മുസ്ല്യാരുടെയും ഗ്രന്ഥങ്ങൾ വാങ്ങി വായിച്ചു. പരമാവധി സുന്നിപ്രസിദ്ധീകരണങ്ങൾ ഈ വിഷയകമായി വായിക്കാൻ തുടങ്ങി. വായിക്കുന്തോറും ആശയക്കുഴപ്പങ്ങൾ കൂടുകയായിരുന്നു ഫലം. പിന്നീട് അവ നിർത്തിവെച്ചു.

*മുജാഹിദ് ഗ്രന്ഥങ്ങൾ വല്ലതും വായിച്ചോ ?*

ഒരിക്കൽ അവിചാരിതമായി കെ.പി. മുഹമ്മദ് മൗലവിയുടെ തവസ്സുൽ ഇസ്തിഗാസയുമായി ബന്ധപ്പെട്ട ഒരു പുസ്തകം കയ്യിൽ കിട്ടി. അതിലെ പ്രമാണയുക്തമായ മറുപടികൾ എനിക്ക് ഏറെ ആശ്വാസദായകമായിരുന്നു. ഈ ചിന്തകളും വായനയുമൊക്കെ അതീവ രഹസ്യമായിരുന്നു. എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടെങ്കിൽ അത് വലിയുപ്പയുമായിട്ടായിരുന്നു. കെ.പി യുടെ പുസ്തകംവായിച്ചതിന് ശേഷം 'യാ ഗൗസ് യാ മുഹ്യുദ്ധീൻ' റാത്തീബുകൾക്ക് പങ്കെടുക്കാറില്ലായിരുന്നു. എങ്കിലും മൗലീദുകൾക്ക് പങ്കെടുക്കുമായിരുന്നു. മൗലീദുകളോട് വിശ്വാസപരമായ ആവേശത്തേക്കാൾ ഒരു രസകരമായ പരിപാടിയായിട്ടായിരുന്നു പങ്കെടുത്തിരുന്നത്. നാട്ടിൽ എന്തുപരിപാടിയുണ്ടെങ്കിലും മൗലീദുണ്ടാവും. അതിന് കാലവും കണക്കുമൊന്നുമില്ല. കുറിക്കല്ല്യാണം (നാട്ടിലെ പേര് പണപ്പയറ്റ്), ഗൃഹ പ്രവേശം, മാർക്കക്കല്യാണം, യാത്രയയപ്പ് തുടങ്ങി എന്ത് പരിപാടികളുടെയും ഒടുക്കം രാത്രിയിൽ മൗലീദ് പതിവായിരിക്കും. എന്റെ നാട്ടിൽ പൊതുവെ രാഷ്ട്രീയ സംഘട്ടനങ്ങൾ പതിവാണ്. അധികവും മാർക്സിസ്റ്റ്-ലീഗ് സംഘർഷങ്ങളായിരിക്കും. നിസ്സാര പ്രശ്നങ്ങളുടെ പേരിൽ കലഹങ്ങളുണ്ടാവും. അങ്ങിനെസംഘർഷ സാധ്യതയുള്ള സമയങ്ങളിൽ തങ്ങളുടെ എതിരാളികളായ രാഷ്ട്രീയക്കാരെ ഒന്നു പേടിപ്പിക്കാൻ കൂടിയായിരിക്കും ചിലപ്പോൾ മൗലീദ്. അതിഭയങ്കരമായ അട്ടഹാസത്തോടെ നിന്നും ആടിയുമുള്ള ചൊല്ലലിൽ ഒരു പ്രത്യേക ആവേശം ഉണ്ടാകാറുണ്ട്.

ഇങ്ങനെ അട്ടഹസിച്ച് മൗലൂദ് ചൊല്ലിയപ്പോഴുണ്ടായ ഒരു സംഭവം ഞാൻ ഇപ്പോഴും ഓർക്കുന്നുണ്ട്. നമ്പ്യത്താൻ കുണ്ട് എന്ന സ്ഥലത്ത് ഞാനും എന്റെ സുഹൃത്തായ മുസ്ല്യാരും ഒരു വീട്ടിൽ മൗലീദിന് പോയി. അൽപം രസികനായ സുഹൃത്ത് നല്ല ശബ്ദത്തിനുടമയാണ്. മൗലീദ് ആരംഭിച്ചു. അത്കൊടുമ്പിരിക്കൊണ്ട് നിറുത്തത്തിലേക്ക് എത്തി മറ്ഹാബാ... എന്നാർത്തുവിളിക്കുന്നുണ്ട്. വിളക്ക് ഊതുന്നതിന് പകരം ലൈറ്റ് ഓഫാക്കി. ഇരുട്ടിൽ പത്തിരുപത്തഞ്ചുപേരുടെ ഭയങ്കരമായ അലർച്ചനടക്കുന്നു. എന്റെ വിരുതനായ സനേഹിതൻ രണ്ട് കൈകൊണ്ടും ചെവിഅടച്ചുപിടിച്ച് കണ്ണടച്ച് പരമാവധി ശബ്ദത്തിൽ കൂകാൻ തുടങ്ങി. നീണ്ട കൂവൽ. കൂവലിനു ശേഷം മർഹബ ചൊല്ലുന്നവർ അത് നിർത്തലും ലൈറ്റിടലും ഒന്നിച്ചായിരുന്നു. പക്ഷെ എന്റെ സുഹൃത്ത് ചെവിയും പൊത്തി കണ്ണടച്ച് പരിസരമറിയാതെ കൂകിക്കൊണ്ടേയിരുന്നു. ആളുകൾ സ്തബ്ധരായി നോക്കിനിൽക്കേ ഉടനെ മൂപ്പർ കണ്ണ് തുറന്നു.കാര്യം പിടികിട്ടിയ ഉസ്താദ് പറ്റിയ അമളിയിൽ നിന്നും രക്ഷപ്പെടാൻ പായയിലേക്ക് ഒരൊറ്റ വീഴ്ച. ബോധം കെട്ട പോലെ അവിടെകിടന്നു. ചിലമുസ്ല്യാക്കന്മാർ ഏത് കെണിയിൽ പെട്ടാലും സുന്ദരമായി രക്ഷപ്പെടുമെന്ന് അന്ന് ഞാൻ മനസ്സിലാക്കി.

ആയിടക്ക് കാര്യമായ ജോലികളൊന്നുമില്ലാതെ കുറച്ചുകാലം ജീവിതത്തിലുണ്ടായി. ആ സമയം പഠനത്തിനുവേണ്ടി ഞാൻ ഉപയോഗിച്ചു. പഠനകാലത്തെ സംശയങ്ങൾ പലതും പുനർവിചാരണക്ക് വിധേയമാക്കി. കോളേജിലെ പഠന കാലത്ത് സ്വാലാത്തിന്റെ പോരിശകളും മറ്റും ഏറെ കേട്ടിരുന്നു. അന്നൊക്കെ ദിക്റുകൾ ഉറക്കെ ചൊല്ലിയില്ലെങ്കിൽ ഉസ്താദുമാർ ശകാരിക്കുമായിരുന്നു. എന്റെ ഒരു സഹപാഠി ഒരു പ്രത്യേക സ്വലാത്ത് ചൊല്ലിയാൽ നബിയെ സ്വപ്നം കാണുമെന്ന് വിശ്വസിച്ചിരുന്നു. കോളേജ് പിരിയും വരെ ചൊല്ലിയിട്ടും ഞാൻ സ്വപ്നം കണ്ടില്ലെന്ന് അവൻ എന്നോട് പറഞ്ഞിട്ടുണ്ട്.

ചീക്കോന്ന് സുന്നിമദ്രസയിൽ നിങ്ങൾക്കുണ്ടായ അനുഭവങ്ങൾ എന്താണ് ?

ചീക്കോന്ന് മദ്രസയിൽ പഠിപ്പിക്കുന്ന സമയത്താണ് അബുസ്സലാഹ് മൗലവിയുടെ "ഹദീസിന്റെ അടിസ്ഥാനത്തിൽ നിത്യജീവിതം' എന്നപുസ്തകം വായിക്കാനിടയായത്; ബുഖാരി മുസ്ലിം-ഹദീസുകളുദ്ധരിച്ച് കാര്യങ്ങൾ വിശദീകരിച്ച ആപുസ്തകത്തിലെ ആശയപ്രകാരം സമസ്തക്കാരുടെ പലവിശ്വാസങ്ങളും ആചാരങ്ങളും തെറ്റായിരുന്നു. ഈ വിഷയങ്ങൾ

അവിടുത്തെ അന്നത്തെ ഖാളി കുഞ്ഞമ്മദ് മുസ്ല്യാരുമായി ഞാൻ ചർച്ചനടത്തി. എനിക്കുലഭിച്ച മറുപടി, ബുഖാരിക്കും മുസ്‌ലിമിനുമൊന്നും ഹദീസിന്റെ അർത്ഥംശരിക്കും മനസ്സിലായിട്ടില്ലെന്നും ശാഫീഇമാമിനാണ് അതൊക്കെ അറിയുക എന്നുമായിരുന്നു. അതിന് അദ്ദേഹം ഒരു ഉദാഹരണവും പറഞ്ഞു "മക്കനക്കാരി' എന്ന പ്രയോഗം ബുഖാരിയുടെ ഹദീസിലുണ്ട്. പക്ഷെ അതിന്റെ അർത്ഥം പ്രായപൂർത്തി ആയവൾ എന്നാണെന്ന് കണ്ടെത്തിയത് ശാഫീഇമാമാണെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. ബുഖാരിഇമാമിന്റെ ജീവചരിത്രം വായിച്ച് മനസ്സിലാക്കിയ എനിക്ക് ഈ മറുപടി ശരിയായിതോന്നിയില്ല. ഇപ്പറഞ്ഞത് നുണയാണെന്ന് എനിക്ക്തോന്നി. പിന്നീട് ഗൾഫിലുള്ള ചിലസുഹൃത്തുക്കൾ വന്നപ്പോൾ അറബികൾക്കിടയിൽ സാധാരണയായി പെൺകുട്ടികൾ പ്രായപൂർത്തിയായാൽ മക്കനയിട്ടു എന്ന് പറയാറുണ്ടെന്ന് അറിഞ്ഞു. ഇത് ശാഫീഇമാമിന് മാത്രം അറിയാമായിരുന്ന കാര്യമാണെന്ന് പറഞ്ഞത് തെറ്റാണെന്ന് ബോധ്യമായി.

വലിയുപ്പയുമായുള്ള എന്റെ ചർച്ചകൾക്ക് ആക്കം കൂടി സ്ത്രീപള്ളിപ്രവേശവുമായി ബന്ധപ്പെട്ട് ആത്വികാബീവിയുടെ സംഭവം ചർച്ചചെയ്തു. അത് ഉമർ (റ)വിൽ നിന്നും ആത്വിക ഒരു കരാർ വാങ്ങിയിരുന്നെന്നും അതുപ്രകാരമാണ് പള്ളിയിൽ പോകാൻ അവരെ ഉമർ(റ) സമ്മതിച്ചതെന്നുമായിരുന്നു ഉത്തരം. (കരാർലംഘനം ഭയന്നാണെന്ന്) തെറ്റായ ഒരു കാര്യത്തിൽ ഉമർ(റ)വിനെപ്പോലുള്ള ഒരാൾ കരാർ വാങ്ങുകയും കൊടുക്കുകയും ചെയ്യുമോ എന്നഎന്റെ സംശയത്തിന് വലിയുപ്പയുടെ മറുപടി, ഇതൊക്കെ അറിയുന്ന പണ്ഡിതർ ഇതംഗീകരിച്ചിട്ടില്ലല്ലോ എന്നായിരുന്നു. ശറഹുൽമുഹദ്ദബിൽ സ്ത്രീകൾ പള്ളിയിൽ പോകുന്നതിനെപ്പറ്റി പ്രതിപാതിക്കുന്നുണ്ടല്ലോ എന്നു പറഞ്ഞപ്പോൾ തെറ്റില്ല എന്നാൽ ഇക്കാലത്ത് യോജിച്ചതല്ല എന്നായിരുന്നു പറഞ്ഞത്.

*ഇതൊക്കെനിങ്ങളെ മുജാഹിദിലേക്ക് അടുപ്പിച്ചോ ?*

അതെ.. അധികകാലം മനസ്സിൽ കൊണ്ടുനടക്കാൻ പറ്റാത്ത അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിത്തുടങ്ങി. മുജാഹിദിന്റെയും ജമാഅത്തിന്റെയും പുസ്തകങ്ങൾ ഞാൻ വായിക്കാൻ തുടങ്ങി. ഒരു രാഷ്ട്രീയ പ്രവർത്തകൻ കൂടി ആയതിനാൽ ജമാഅത്തിന്റെ കള്ളത്തരങ്ങൾ എനിക്ക് മുമ്പേതന്നെ അറിയാമായിരുന്നു. ആയിടെ ഹുസൈൻ സലഫിയുടെ സിഡികളും പ്രസംഗങ്ങളും കേട്ടു. നാദാപുരത്ത് ഒരു സുന്നിയായിത്തന്നെ ഞാൻ അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ പോയി. മനസ്സിൽ തറക്കുന്ന നിരവധി ചോദ്യങ്ങൾ ഓരോപരിപാടികളിലും ഉണ്ടായി

*സംശയ നിവാരണത്തിന് നിങ്ങൾ എന്ത് ചെയ്തു ?*

പുത്തൻവാദികളുടെ പേടിസ്വപ്നമെന് എ.പി. സുന്നികൾക്കൊട്ടിഘോഷിക്കുന്ന പേരോട് അബ്ദുറഹ്മാൻ മുസ്ല്യാരുടെ പ്രസംഗശൈലി പണ്ടേ എനിക്ക് ഇഷ്ടമായിരുന്നില്ല. പ്രതിയോഗികളെ കളിയാക്കുന്ന ചില കോപ്രാട്ടികൾ അയാൾ കാണിച്ചുകൊണ്ടിരിക്കും. എന്നാലും മുജാഹിദുകളെ എതിർക്കുന്നു എന്നതിനാൽ ഞാൻ അയാളുടെ പ്രസംഗങ്ങൾ ശ്രദ്ധിക്കുമയിരുന്നു. ഒടുക്കം ഏറെ കറാമാത്തുകൾ പറയപ്പെടുന്ന കുറ്റ്യാടിയിലെ പേരോടിന്റെ സിറാജുൽ ഹുദയിലേക്ക് ഞാൻ ഒരു സുഹൃത്തുമായി ചെന്നു. അവിടെ അയാളുടെ ഗംഭീരൻ ക്ലാസ് നടക്കുകകയാണ്. ഇസ്തിഗാസയെ സംബന്ധിച്ച ഒരു ചോദ്യത്തിന് 'റാസിയിൽ' തെളിവുണ്ടെന്ന് അയാൾപറഞ്ഞു. പ്രസംഗം കഴിഞ്ഞ് ആ ഉദ്ധരണി എഴുതിയെടുക്കാൻ ഭവ്യതയോടെ അയാളുടെ അടുത്ത് എത്തിയപ്പോൾ ഉസ്താദ് ഞങ്ങളോട് കയർത്തുസംസാരിച്ചു. ഉണ്ടെന്നു പറഞ്ഞാൽ വിശ്വസിച്ചാൽ മതി എന്നായിരുന്നുമറുപടി പേരോടിന്റെ ചുറ്റുമുള്ള ശിഷ്യഗണങ്ങളും ഞങ്ങളെ അരിശത്തോടെനോക്കി. ഞങ്ങൾ മുസ്ല്യാക്കന്മാരുടെ കോലത്തിലായതിനാൽ മറ്റ്അനിഷ്ട സംഭവങ്ങളൊന്നുമില്ലാതെ അവിടം വിട്ടു. വീട്ടിൽ വന്ന് റാസി പരതിയപ്പോൾ അയാൾപറഞ്ഞ ഇബാറത്ത് ഉണ്ടായിരുന്നില്ല. പിന്നീടൊരിക്കൽ ഒരുപരിപാടിയിൽവെച്ച് ഖുർആൻ മുഴുവൻ ഇസ്തിഗാസക്ക് തെളിവാണെന്ന് പേരോട്പറയുന്നത്കേട്ടു. ഈ വിഷയം പഠിക്കാൻ വീണ്ടും സിറാജുൽ ഹുദയിൽ എത്തി. ഉസ്താദിന്റെ അരുമശിഷ്യനായ മുത്വലിബ് സഖാഫിയെയാണ് അദ്യം കണ്ടത്. അയാളോട് വിഷയം പറഞ്ഞപ്പോൾ ഉസ്താദ് അങ്ങിനെ പറഞ്ഞിട്ടുണ്ടെങ്കിൽ അത് അങ്ങിനെത്തന്നെ എന്നായിരുന്നു മറുപടി. ഇത് കേട്ടതോടെ വലിയ ഉസ്താദിനെഎനിക്ക് കാണേണ്ടിവന്നില്ല. സിറാജുൽഹുദായെന്ന 'കറാമത്ത്' കേന്ദ്രത്തിൽ നിന്ന് പുറത്തിറങ്ങുമ്പോൾ ഞാൻ മനസുകൊണ്ട് പൂർണ്ണമുജാഹിദായിരുന്നു.

*ഖണ്ഡന പ്രസംഗങ്ങളെ എങ്ങിനെ കാണുന്നു ?*

ഹുസൈൻ സലഫിയുടെ പ്രസംഗങ്ങൾ ഒരു സുന്നിയായിത്തന്നെ ഞാൻ പോയികേട്ടിട്ടുണ്ട്. അദ്ദേഹത്തിന് മറുപടിയായി സുന്നിപണ്ഡിതൻ കല്ലൂർ മൊയ്തീൻകുട്ടി മുസ്ല്യാർ നടത്തിയ പ്രസംഗവും ഞാൻ കേട്ടു. സലഫിയുടെ പ്രസംഗഭാഗമായികാണിച്ച സ്ക്രീൻ പ്രദർശനത്തിൽ ഒരു മുസ്ല്യാർ കല്ലിനോട് പ്രർത്ഥിക്കുന്നരംഗമുണ്ടായിരുന്നു. ഇതിനെ ന്യായീകരിച്ച് കല്ലൂർ മുസ്ല്യാർ പറഞ്ഞത്: അൽബഖറയിലെ 74-ാം ആയത്തിൽ "അല്ലാഹുവിനെ ഭയപ്പെട്ട് ഉതിർന്ന് വീഴുന്നകല്ലുകളും" എന്നപ്രയോഗം - കല്ല് ഔലിയാക്കും മരം ഔലിയാക്കും തെളിവാണെന്നായിരുന്നു. ഇങ്ങനെ പോയാൽ അസ്ഹാബുൽ കഹ്ഫിന്റെ നായയോടും ഇവർ പ്രാർത്ഥിക്കാൻ പറയുന്നകാലം വിദൂരമല്ലെന്ന് എനിക്ക് തോന്നി.

*പിന്നീടുള്ള പ്രവർത്തനങ്ങൾ എങ്ങിനെയായിരുന്നു ?*

സത്യം ബോധ്യപ്പെട്ട് അത് മറച്ചുവെച്ചാൽ അല്ലാഹുവിന്റെ കോടതിയിൽ ശിക്ഷിക്കപ്പെടുമെന്ന ചിന്ത എന്നെകിടിലം കൊള്ളിച്ചു. തൗഹീദിആശയങ്ങൾ സന്ദർഭം കിട്ടുമ്പോൾ തുറന്നു പറയാൻ തുടങ്ങി. അപ്പോഴേക്കും എന്നെ മുജാഹിദ് മുദ്രകുത്താൻ ആരംഭിച്ചിരുന്നു. സുന്നിമദ്രസയിൽ നിന്നും രാജിവെച്ച് പരസ്യമായി പ്രവർത്തനങ്ങളും പ്രചാരണങ്ങളും നടത്താൻ തുടങ്ങി. തുടർന്ന് സകരിയ്യാ സ്വലാഹി, അബ്ദുറഹ്മാൻ അൻസാരി, മുനീർമദനി ഇവരുമായി നിരന്തരം ബന്ധപ്പെടുകയും കൂടുതൽ പഠിക്കുകയും ചെയ്തു ?

*നാട്ടുകാരുടെ പ്രതികരണം*

പ്രതീക്ഷിച്ചപോലെ നാട്ടിൽ ബഹിഷ്ക്കരണവും ഭീഷണിയും ഇല്ലാത്ത ആരോപണങ്ങളും ഉണ്ടായി. അവരുടെ ഉപദ്രവങ്ങൾ ഇപ്പോഴും തുടരുന്നു. എങ്കിലും നാട്ടിലെ ചിലരെയെങ്കിലും കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്താൻ സാധിച്ചു. അവരുടെ സഹായത്താൽ എന്റെ നാടായ പെരുവയലിൽ

തൗഹീദീ ആശയപ്രചരണത്തിനായി ഒരു പൊതുയോഗം സംഘടിപ്പിച്ചു. നിരന്തരമായിപ്രവർത്തനങ്ങൾ നടത്തിവരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖുറാഫികളുടെ വിളഭൂമിയിൽ നല്ല മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു.

*നിങ്ങളുടെ പാതയിൽ മറ്റാരെങ്കിലും വരുന്നുണ്ടോ ?*

അല്ലാഹുവിനെ ഞാൻ ശുക്റ് ചെയ്യുന്നു. എന്റെ നാട്ടുകാരനായ ഒരുയുവ സുന്നീ പണ്ഡിതൻ ഞങ്ങളുടെ പ്രവർത്തനഫലമായി നമ്മുടെ പ്രസ്ഥാനത്തിലേക്ക് ഈ കഴിഞ്ഞറമളാനിന്നുശേഷം കടന്നുവന്നിട്ടുണ്ട്. ഇനിയും ആളുകൾ വരും. കാരണം ഇത് സത്യത്തിന്റെ വിജയമാണ്.

*ഇപ്പോൾ എവിടെയാണ് ജോലിചെയ്യുന്നത്*

ഞങ്ങളുടെയൊക്കെ പ്രവർത്തനങ്ങൾ വേളം പഞ്ചായത്തിലെ പൂളക്കുലിനടുത്ത അനന്തോത്തുള്ള സലഫി മസ്ജിദ് കേന്ദ്രീകരിച്ചാണ്. അവിടെ മദ്രസത്തുൽ മനാറിലും പള്ളിയിലുമായി ജോലിചെയ്യുന്നു. ഇൻശാഅല്ലാഹ് എല്ലാവരുടെയും സഹകരണമുണ്ടായാൽ നാട്ടിൽ വിപ്ലവകരമായ മാറ്റങ്ങൾ ഞങ്ങൾ ഉണ്ടാക്കും. അതിനുള്ള വിപുലമായ പദ്ധതികളുമായി ഇറങ്ങിയിരിക്കയാണ്. എനിക്ക് രണ്ട് മക്കളാണുള്ളത്. മാജിദ ഉമ്മുഖുൽസു, മാജിദ് ഹുസൈൻ, ഭാര്യ : ഹാജറ.